## പതിമൂന്നാം കേരളനിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 5704 — 29.07.2015-ൽ മറുപടിക്ക്

### നടക്കാവ് ഹൈസ്കൂളിലെ ആസ്ട്രോ ടർഫ് ഗ്രൗണ്ട് തീയിട്ട സംഭവം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ. പ്രദീപ്കുമാർ | ശ്രീ. രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) കോഴിക്കോട് നടക്കാവ് ഗവൺമെന്റ് ഗേൾസ് ഹൈസ്കൂളിലെ ആസ്ട്രോ ടർഫ് ഗ്രൗണ്ട് തീയിട്ട് നശിപ്പിച്ചതുമായി ബന്ധപ്പെട്ട അന്വേഷണം ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ? | (എ) കോഴിക്കോട് സിറ്റിയിൽ നടക്കാവ് ഗവൺമെന്റ് ഗേൾസ് ഹൈസ്കൂളിലെ ആസ്ട്രോ ടർഫ് ഗ്രൗണ്ട് തീയിട്ട് നശിപ്പിച്ചതുമായി ബന്ധപ്പെട്ട് 15.04.2015 തീയതി നടക്കാവ് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 344/2015 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയതിൽ പ്രതികളെ ഇതുവരെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ഈ കേസ് നടക്കാവ് പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടർ 06.06.2015 വരെ അന്വേഷണം നടത്തിയിട്ടുള്ളതും തുടർന്ന് കോഴിക്കോട് സിറ്റി പോലീസ്. അസിസ്റ്റന്റ് കമ്മീഷണർ നോർത്തിന്റെ നേതൃത്വത്തിൽ ഒരു സ്ക്വാഡ് രൂപീകരിച്ച് അന്വേഷണം നടത്തി വരികയുമാണ്. ഈ കേസിൽ ശാസ്ത്രീയമായ അന്വേഷണം നടത്തിയിട്ടും പ്രതികളെ കുറിച്ച് യാതൊരു വിവരവും കണ്ടെത്താൻ ഇതുവരെ സാധിച്ചിട്ടില്ല. പ്രസ്തുത കേസിൽ ഇപ്പോഴും അന്വേഷണം തുടർന്ന് വരുന്നു. |

സെക്ഷൻ ഓഫീസർ